തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണം

189 [1795] *ശ്രീ. എം. എ. വാഹീദ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചു; ഇക്കാര്യത്തിൽ കേരളത്തിലെ മറ്റ് മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് ഇവിടെ എത്ര രൂപ അധികം ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇനി ഏതൊക്കെ പദ്ധതികളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി 1,73,54,101 രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽകോളേജുകളെ അപേക്ഷിച്ച് 50 ലക്ഷം രൂപ കുറവാണ് ഈ തുക.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇനി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുക.
2. സൈക്യാട്രി വിഭാഗത്തിന്റെ വികസനം.
3. റേഡിയോ തെറാപ്പി വിഭാഗത്തിന്റെ നവീകരണം.
4. മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനം.
5. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം.

ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയാ ടേബിളുകൾ

190 [1796] *ശ്രീ. കെ. സുധാകരൻ :*
,, കെ. മുഹമ്മദാലി :
,, കെ. സി. ജോസഫ് :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലോ രോന്നിലുമുള്ള അടിയന്തിര ശസ്ത്രക്രിയാ തിയേറ്ററുകളിൽ എത്ര ടേബിളുകൾ വീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ടേബിളുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഏതെങ്കിലും വകുപ്പുകൾക്ക് കാലേ കൂട്ടി റിസർവ് ചെയ്യാമോ; എങ്കിൽ എന്തടിസ്ഥാനത്തിൽ;

(സി) ഇപ്രകാരം റിസർവ് ചെയ്യുന്നതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചില വിഭാഗങ്ങൾക്ക് ടേബിൾ ഇല്ലാതെ രോഗികളുടെ ശസ്ത്രക്രിയ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടേബിൾ റിസർവ് ചെയ്തുകിട്ടിയ വിഭാഗത്തിലെ കറക്ടീവ് ഓപ്പറേഷൻപോലും ഇത്തരം ടേബിളുകളിൽ ചെയ്തുവരുന്നതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് — 5 ടേബിളുകൾ

ആലപ്പുഴ മെഡിക്കൽ കോളേജ് — 4 ടേബിളുകൾ

കോട്ടയം മെഡിക്കൽ കോളേജ് — 2 ടേബിളുകൾ

തൃശ്ശൂർ മെഡിക്കൽ കോളേജ് — 3 ടേബിളുകൾ

കോഴിക്കോട് മെഡിക്കൽ കോളേജ് — 5 ടേബിളുകൾ

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയാ തീയേറ്ററുകളിൽ ഒരു ടേബിളും കാലേക്കൂട്ടി ഒരു വകുപ്പിനായും റിസർവ് ചെയ്തിട്ടില്ല. രോഗിയുടെ ഗുരുതരാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണ് ശസ്ത്രക്രിയക്ക് മുൻഗണന തീരുമാനിക്കുന്നത്. ഗുരുതരാവസ്ഥയിൽ ഉള്ള ഒരു രോഗിയെ ഏത് വിഭാഗത്തിൽപ്പെട്ട താണെങ്കിലും അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും ശസ്ത്രക്രിയകളെ സംബന്ധിച്ചിടത്തോളം രോഗികൾക്ക് ബുദ്ധിമുട്ട് ഒഴിവാക്കി ശസ്ത്രക്രിയകൾ നടന്നുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റാന്നി താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി

191 [1797] *ശ്രീ. രാജു എബ്രഹാം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ നൂറ്റമ്പത് ബെഡ്ഡുള്ള കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ബജറ്റിൽ ആവശ്യമായ ഫണ്ട് ഉണ്ടായിട്ടും ഭരണാനുമതി നൽകുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly